പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 758

05/06/2018 - ൽ മറുപടിക്ക്

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡ് പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡ് പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:<br><br>റംസാൻ വിപണി 2016<br><br>കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 ജൂൺ 26 മുതൽ ജൂലൈ 5 വരെ 1930 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി.<br><br>ഓണം വിപണി -2016<br><br>കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെ 2012 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടു കൂടി വിതരണം ചെയ്തു.<br><br>ക്രിസ്തുമസ് വിപണി 2016<br><br>കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 ഡിസംബർ 21 മുതൽ 26 വരെ നിത്യോപയോഗ സാധനങ്ങൾ 5 ജില്ലാ കേന്ദ്രങ്ങളിലായി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി. |

| | | | |
|---|---|---|---|
| | | | **ഓണം വിപണി 2017**<br><br>കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3577 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ ഇനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തി. ഓണചന്തയുടെ ഭാഗമായി 30 മുതൽ 60% വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി.<br><br>**ക്രിസ്തുമസ് പുതുവത്സര വിപണി 2017**<br><br>2017 ഡിസംബർ 21 മുതൽ 2018 ജനുവരി 2 വരെ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ക്രിസ്തുമസ് പുതുവത്സര വിപണിയിലൂടെ പൊതുജനങ്ങൾക്ക് കൺസ്യൂമർഫെഡ് ലഭ്യമാക്കി. ഇതിൽ ജയഅരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, കടല, ചെറുപയർ, ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി എന്നിങ്ങനെ 13 തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങൾ കൺസ്യൂമർ ഫെഡ് വില്പന നടത്തി. ഇതു കൂടാതെ 30 ഇനങ്ങൾ വിപണി വിലയെക്കാൾ 30 മുതൽ 40% കുറവിൽ കൺസ്യൂമർഫെഡ് ലഭ്യമാക്കുകയും ചെയ്തു. |
| ബി) | കൺസ്യൂമർഫെഡിന്റെ സ്റ്റോറുകൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | ബി) | കൺസ്യൂമർ ഫെഡിന്റെ സ്റ്റോറുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുവാൻ നിലിവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ